**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.882** **05.03.2018-ൽ മറുപടിക്ക്**

## നാലുവരി ദേശീയപാത

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ഏതെല്ലാം ദേശീയ പാതകളെയാണ് നാലുവരി പാതയാക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) സംസ്ഥാനത്ത് വാളയാർ മുതൽ ഇടപ്പള്ളി വരെയുള്ള എൻ.എച്ച് 544 (പഴയ എൻ.എച്ച് 47)ഉം എൻ.എച്ച്. 66-ന്റെ കേരള — കർണ്ണാടക അതിർത്തിയിലുള്ള തലപ്പാടി മുതൽ ഇടപ്പള്ളി വരെയും (പഴയ എൻ.എച്ച് 17), ഇടപ്പള്ളി മുതൽ കേരള — തമിഴ്നാട് അതിർത്തിയായ കാരോട് വരെയുള്ള (പഴയ എൻ.എച്ച് 47) ഉം 4/6 വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം തീരുമാനിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) ഇത് നാലുവരി പാതയായി വികസിപ്പിക്കുന്നത് എത്ര മീറ്റർ വീതിയിലാണ് എന്ന് വ്യക്തമാക്കുമോ; | (ബി) ദേശീയപാത നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് 45 മീറ്റർ വീതിയിലാണ് സ്ഥലമേറ്റെടുക്കുന്നത്. |
| (സി) ഇതിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമകളുടെയും മറ്റും പരാതികൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കേന്ദ്രത്തിൽ നിലവിൽ വന്ന പുതിയ എൽ.എ ആക്ട് (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരം ആയിരിക്കും സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതും മറ്റ് നഷ്ട പരിഹാരം കണക്കാക്കുന്നതും. |
| (ഡി) ഇങ്ങനെ വികസിപ്പിക്കുന്ന പാതകളിൽ ടോൾ പിരിവിനെ സംബന്ധിച്ചുള്ള സർക്കാർ നിലപാട് എന്താണ് എന്ന് വിശദീകരിക്കുമോ? | (ഡി) സംസ്ഥാന സർക്കാർ ടോൾ പിരിവിന് എതിരാണ്. എന്നാൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ടോൾ ആക്ട് നമ്പർ 6411 തീയതി 05/12/2008 അനുസരിച്ചാണ് പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ടോൾ പിരിവുകൾ തീരുമാനിക്കുന്നത്. |

S. Bindu

സെക്ഷൻ ഓഫീസർ